പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3615 | 25.06.2013-ൽ മറുപടിയ്ക്ക്

## പുത്തൂരിൽ നിന്നും മൈലാട്ടിയിലേക്കുള്ള 220 കെ. വി. ട്രാൻസ്മിഷൻ ലൈൻ

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

(എ) കാസർഗോഡ് ജില്ലയിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിലേയ്ക്കായി മറ്റ് ജില്ലകളെ അപേക്ഷിച്ച് ബദൽ സംവിധാനങ്ങൾ ഒന്നുമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിലേയ്ക്കായി വകുപ്പിൻെറ പരിഗണനയിലുള്ള പൂത്തൂരിൽ നിന്നും മൈലാട്ടിയിലേയ്ക്കുള്ള 220 കെ. വി ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുവരെയായെന്ന് വിശദമാക്കാമോ ;

(സി) ജില്ലയിലേയ്ക്കുള്ള പ്രസ്തുത ബദൽ സംവിധാനം, വകുപ്പിൻെറ പരിഗണനയിലായിട്ട് എത്ര വർഷമായി ; ഇത് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രസ്തുത അന്തർ സംസ്ഥാന ട്രാൻസ്മിഷൻ ലൈൻ എന്നത്തേയ്ക്ക് യാഥാർത്ഥ്യമാകും എന്ന് അറിയിക്കാമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) ഉണ്ട്.

(ബി), (സി) & (ഡി) അന്തർ സംസ്ഥാന ലൈനുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കർണ്ണാടകത്തിലെ പുത്തൂരിൽ നിന്നും കേരളത്തിലെ മൈലാട്ടി വരെ ഒരു 220 കെ.വി.ഡബിൾ സർക്യൂട്ട് ലൈൻ വലിക്കുന്നതിന് നിലവിലുണ്ടായിരുന്ന പ്രപ്പോസൽ സാങ്കേതിക പഠനത്തിൽ പ്രായോഗികമല്ലെന്ന കണ്ടെത്തലിന്റെ വെളിച്ചത്തിൽ അതിനു ബദലായി Mangalore (Udipi PCL) - കാസർഗോഡ് — കോഴിക്കോട് (അരിക്കോട് ) വരെ ഒരു ഡബിൾ സർക്യൂട്ട് 400 കെ.വി.ലൈൻ വലിക്കുവാനും കാസർഗോഡിൽ (മൈലാട്ടി) ഒരു 400/220 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുമുള്ള പ്രപ്പോസലിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭ്യമായിട്ടുണ്ട്. ഇതിന്റെ അനന്തര നടപടികൾ നടന്നു വരുന്നു.

110 കെ.വി. കോനാജേ (കർണ്ണാടകം) — മഞ്ചേശ്വരം ലൈൻ ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. 220 കെ.വി. കടക്കോല — കണിയാമ്പറ്റ ലൈനിൽ നിന്നും പരമാവധി വൈദ്യുതി കൊണ്ടു വരുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

400 കെ.വി. മൈസൂർ - അരിക്കോട് ലൈനിന്റെ പണി നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ.